# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 372 — 28.11.2018 -ൽ മറുപടിക്ക്.

## റേഷൻ വ്യാപാരം കുറ്റമറ്റതാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അനിൽ അക്കര** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ വിതരണ രംഗത്ത് ഇ-പോസ് സംവിധാനം നിലവിൽ വന്നിട്ടും പ്രസ്തുത മേഖലയിൽ ഇപ്പോഴും അഴിമതി തുടരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) സെർവർ തകരാർ, നെറ്റ് വർക്ക് തകരാർ മുതലായ കാരണങ്ങളാൽ ചിലപ്പോഴൊക്കെ റേഷൻവിതരണം തടസ്സം നേരിടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ബയോമെട്രിക് ആതന്റിക്കേഷൻ ഇല്ലാതെ റേഷൻവിതരണം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബയോമെട്രിക് രീതിയിൽ അല്ലാതെ മാനവലായി കൂടുതൽ ട്രാൻസാക്ഷനുകൾ നടത്തിയ റേഷൻകടകളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയ 8 റേഷൻകടകളുടെ അംഗീകാരം താൽക്കാലികമായി റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. ന്യായമായ കാരണങ്ങളാലല്ലാതെ മാനുവൽ വിതരണം നടത്തുന്ന റേഷൻവ്യാപാരികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) ഈ രംഗത്തെ അഴിമതി തടയുന്നതിന് രൂപീകരിച്ച സംസ്ഥാനതല സ്ക്വാഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (ബി) റേഷൻ വിതരണ അഴിമതി തടയുന്നതിന് രൂപീകരിച്ച സംസ്ഥാനതല സ്ക്വാഡുകളുടെ പ്രവർത്തനം തൃപ്തികരമാണ്. |
| (സി) ഇ-പോസ് മെഷീനിൽ കൂടെക്കൂടെ ഉണ്ടാകുന്ന തകരാറുകൾ റേഷൻ വിതരണത്തെ സാരമായി ബാധിക്കുന്നുണ്ടോ; ഇതു കാരണം നവംബർ | (സി) റേഷൻ വിതരണത്തെ സാരമായി ബാധിക്കുന്ന വിധത്തിൽ ഇ-പോസ് തകരാറുകൾ ഉണ്ടായിട്ടില്ല. ചില സമയങ്ങളിൽ ഉണ്ടായ തകരാറുകൾ എത്രയും വേഗം പരിഹരിക്കപ്പെട്ടിട്ടുണ്ട്. സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ സ്ഥാപിച്ച പുതിയ സെർവറുകളിലേക്ക് ഡേറ്റാ ട്രാൻസ്ഫർ ചെയ്ത സമയത്ത് നവംബർ മാസത്തിൽ |

| | | | |
|---|---|---|---|
| | മാസത്തിൽ റേഷൻ കടകളുടെ പ്രവർത്തനം രണ്ട് ദിവസം പൂർണ്ണമായും നിർത്തി വയ്ക്കേണ്ട സാഹചര്യമുണ്ടായി ട്ടുണ്ടോ; | | രണ്ട് ദിവസം പൂർണ്ണമായും റേഷൻ വിതരണം നിർത്തി വയ്ക്കേണ്ടി വന്നിരുന്നു. ഒക്ടോബറിലെ വിതരണം പൂർത്തിയായ ശേഷം നവംബർ മാസത്തെ വിതരണം ആരംഭിക്കുന്നതിന് മുമ്പായിട്ടാണ് വിതരണം നിർത്തി വച്ചത്. |
| (ഡി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിൽക്കുന്ന സബ്സിഡി ഇല്ലാത്ത / നോൺ മാവേലി സാധനങ്ങൾ റേഷൻ കട വഴി വിൽക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതിനോ ടുള്ള പൊതുജനങ്ങളുടെ പ്രതികരണം എന്താണ്; | (ഡി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിൽക്കുന്ന സബ്സിഡി ഇല്ലാത്ത / നോൺ മാവേലി സാധനങ്ങൾ റേഷൻ കട വഴി വിൽക്കുന്ന പദ്ധതി 18.05.2018ൽ കണ്ണൂരിൽ വച്ച് ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. ആയതിന്റെ പുരോഗതി വിലയിരുത്തി സംസ്ഥാനവ്യാപകമായി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് ആലോചിച്ച് വരുന്നു. |
| (ഇ) | റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ ഉറപ്പാക്കുന്ന പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കുമോ; | (ഇ) | റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ ഉറപ്പാക്കുന്ന പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. |
| (എഫ്) | 2018 മേയ് 15-ാം തീയതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷത യിൽ ചേർന്ന സർവ്വകക്ഷിയോഗ തീരുമാന പ്രകാരം സംസ്ഥാനത്തിനുള്ള ഭക്ഷ്യ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്താണ്? | (എഫ്) | 2018 മേയ് 15-ാം തീയതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷിയോഗ തീരുമാന പ്രകാരം സംസ്ഥാനത്തിനുള്ള ഭക്ഷ്യ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തെ സമീപിച്ചിരുന്നു. എന്നാൽ ഭക്ഷ്യ വിഹിതം നാളിതുവരെ വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. |

***സെക്ഷൻ ഓഫീസർ***